IVO-5/39/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

പ്രജീഷ്.എം.കെ
S/o രാമകൃഷ്ണൻ
രാമകൃഷ്ണാലയം
പായഞ്ചേരി.പി.ഒ
ഇരിട്ടി

സർ,

വിഷയം:: ഇരിട്ടി നഗരസഭയിൽ നിന്നും കെട്ടിട നമ്പർ റദ്ദ് ചെയ്ത് ലൈസൻസ് അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ .1348

.................................

കീഴൂർ വില്ലേജിൽ റി.സർവ്വെ നം. 121/102 ൽ പ്പെട്ട 30 സ്ക്വ.മീറ്റർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഇരിട്ടി നഗരസഭയിലെ 13/657 നമ്പർ കെട്ടിടത്തിൽ പാദരക്ഷകൾ, ഫാൻസി, സ്റ്റേഷനറി എന്നിവ വില്പന നടത്താൻ പ്രജീഷ്.എം.കെ എന്നവർക്ക് നഗരസഭ 31/03/2020 വരെ ലൈസൻസ് അനുവദിച്ചിരുന്നു.

ഇരിട്ടി ടൗണിൽ നിന്നും പുതിയ ബസ്സ്റ്റാന്റിലേക്ക് പോകുന്ന റോഡിന്റെ ആരംഭത്തിൽ ഇടത് വശത്തായിട്ടാണ് ടി കട സ്ഥിതി ചെയ്യുന്നത്. ഇരിട്ടി- വളവുപാറ റോഡ് വികസനത്തിന്റെ ഭാഗമായി റോഡ് വീതി കൂട്ടിയപ്പോൾ ടി കടയുടെ കുറച്ച് ഭാഗം പൊളിച്ചുവെന്നും തുടർന്ന് ലാൻറ് അക്വിസിഷൻ തഹസിൽദാറുടെ നിർദ്ദേശ പ്രകാരം പൊളിച്ച കടയുടെ ഭാഗം റിപെയർ ചെയ്ത് മഴയിൽ നിന്നുള്ള സംരക്ഷണത്തിനായി മുകളിൽ ഷീറ്റ് ഇടുകയും മുകൾ ഭാഗം കോൺക്രീറ്റ് ചെയ്തു എന്നും 31/03/2020 വരെ ടി കടയുടെ കെട്ടിട നികുതി അടക്കുകയും കടയ്ക്ക് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ 2021 ൽ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് പുതിയ നമ്പർ ഇടാതിരിക്കുകയും ചെയ്തതിനാൽ തുടർന്ന് കെട്ടിട നികുതി അടക്കാനോ ലൈസൻസ് പുതുക്കാനോ നഗരസഭ അനുവദിക്കുന്നില്ല എന്നതാണ് പരാതി. നിലവിലുണ്ടായിരുന്ന കെട്ടിട നമ്പർ അനധികൃത നിർമ്മാണം എന്നതിനാൽ കെട്ടിട നമ്പർ റദ്ദ് ചെയ്യുമ്പോൾ ഉടമസ്ഥന്

പറയാനുള്ളത് കേൾക്കാനുള്ള അവസരം നൽകിയതായി കാണുന്നില്ല. ആയതിനാൽ അപേക്ഷ ജില്ലാ തല സമിതിയുടെ പരിഗണനയിലേക്ക് എസ്കലേറ്റ് ചെയ്യുന്നു.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
29/01/2024